**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 162** **12-12-2022 - ൽ മറുപടിയ്ക്ക്**

**ലഹരി മാഫിയയുടെ പ്രവർത്തനം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ,<br>ശ്രീ സി ആർ മഹേഷ്,<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് രാഷ്ട്രീയ പാർട്ടികളെ മറയാക്കി ലഹരി മാഫിയ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രാജ്യത്ത്, നമ്മുടെ സംസ്ഥാനത്തുൾപ്പെടെ ലഹരിയുടെ ഉപയോഗം വർദ്ധിക്കുന്നതും അതോടൊപ്പം അതിർത്തി കടന്ന് ലഹരി വസ്തുക്കൾ കടത്തിക്കൊണ്ടു വരുന്നതും വിദ്യാർത്ഥികളെയും യുവാക്കളെയും ലക്ഷ്യമിട്ട് ഇത്തരം സംഘങ്ങൾ പ്രവർത്തിക്കുന്നതായും അറിവായിട്ടുണ്ട്. ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം അക്രമവാസന കൂടി സൃഷ്ടിക്കുന്നതാകയാൽ അത്തരം അക്രമ സംഭവങ്ങളും സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്.<br><br>ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാനിടയുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് എക്സൈസും, പോലീസും, വനം വകുപ്പും രഹസ്യ നിരീക്ഷണം നടത്തുന്നുണ്ട്. ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും പോലീസും എക്സൈസും നടത്തിവരുന്നു. ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം എന്ന ലക്ഷ്യത്തോടെ 2016 മുതൽ സംസ്ഥാനത്ത് വിമുക്തി മിഷൻ പ്രവർത്തിച്ചു വരുന്നു. സംസ്ഥാനത്ത് സമീപനാളുകളിൽ ലഹരിക്കടത്തും വിൽപ്പനയും പിടിക്കപ്പെടുന്ന പദാർത്ഥത്തിന്റെ അളവും വർദ്ധിച്ചിട്ടുണ്ട്.<br><br>ഇത്തരം കുറ്റകൃത്യം ആവർത്തിക്കുന്നവർക്കെതിരെ The Prevention of Illicit Traffic in Narcotic and Psychotropic Substance Act 3(1) പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുവാൻ വേണ്ട നിയമ നടപടികളും NDPS ആക്ട് പ്രകാരം സ്വത്ത് വകകൾ കണ്ടുകെട്ടുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. മയക്കുമരുന്ന് ഉപയോഗിക്കുന്നവർക്കെതിരെ NDPS നിയമത്തിലെ സെക്ഷൻ 27 പ്രകാരം നടപടി എടുത്തുവരുന്നു. |

| | | | |
|---|---|---|---|
| | | | NDPS നിയമപ്രകാരം ശിക്ഷിക്കപ്പെടുന്ന ഒരാൾ പിന്നീട് കുറ്റകൃത്യം ആവർത്തിക്കുന്നപക്ഷം പരമാവധി ശിക്ഷയുടെ ഒന്നരയിരട്ടി ശിക്ഷ ലഭിക്കുന്നതിനായി NDPS നിയമത്തിലെ സെക്ഷൻ 31 പ്രകാരം നടപടി സ്വീകരിച്ചുവരുന്നുണ്ട്. നിയമത്തിലെ സെക്ഷൻ 31 (എ) പ്രകാരം വിൽപ്പന നടത്തിയതിന് ശിക്ഷിക്കപ്പെടുന്നവർ വീണ്ടും സമാന കുറ്റകൃത്യത്തിലുൾപ്പെടുന്ന പക്ഷം കേസിൽ വധശിക്ഷയ്ക്കും വ്യവസ്ഥയുണ്ട്.<br><br>കേസുകളിൽ ശിക്ഷിക്കപ്പെടുന്ന വ്യക്തികളെ സംബന്ധിച്ചും മുൻപ് ഉൾപ്പെട്ടിട്ടുള്ള ആളുകളെ സംബന്ധിച്ചുമുള്ള വിവരശേഖരണം നടത്തി അവരുടെ ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കി പോലീസ് സ്റ്റേഷനുകളിലും എക്സൈസ് റേഞ്ച് ഓഫീസുകളിലും ലഭ്യമാകുന്ന ഒരു സംവിധാനം ഏർപ്പെടുത്തി വരുന്നു.<br><br>ഇതുവഴി ഒരിക്കൽ ശിക്ഷിക്കപ്പെട്ടതോ, കേസിൽ ഉൾപ്പെട്ടതോ ആയ ആളുകൾ ഇത്തരം പ്രവർത്തികളിൽ ആവർത്തിച്ച് ഏർപ്പെടുന്നവരാണെന്ന കാര്യം ബഹു. കോടതികളുടെ മുമ്പിൽ കൊണ്ടു വരാനും കഴിയും.<br><br>NDPS ആക്ടിലെ വകുപ്പ് 34 പ്രകാരം കേസിൽ പിടികൂടുന്നവരെക്കൊണ്ട് 'കുറ്റകൃത്യം ആവർത്തിക്കുകയില്ല' എന്നുള്ള ബോണ്ട് വയ്പ്പിക്കുന്നതിനുള്ള നടപടികളും കർശനമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ട്രെയിനുകളിലും അതിർത്തി ചെക്ക് പോസ്റ്റുകളിലും സ്നിഫർ ഡോഗ് സ്ക്വാഡ് പോലുള്ള സംവിധാനങ്ങൾ ഒരുക്കിയും മയക്കുമരുന്ന് കടത്തിന് കർശന നിയന്ത്രണം കൊണ്ടുവരാനുള്ള നടപടികൾ പരിശോധിച്ചുവരികയാണ്.<br><br>ലഹരി ഉപയോഗത്തെക്കുറിച്ചും ലഹരി കടത്തിനെക്കുറിച്ചും വിവരം നൽകിയാൽ സ്രോതസ് പൂർണ്ണ രഹസ്യമായി സൂക്ഷിക്കുന്നതാണ്. |
| (ബി) | തലശ്ശേരിയിൽ രണ്ട് പേരെ കൊലപ്പെടുത്തിയ കേസിലെ ലഹരി മാഫിയ സംഘത്തിലെ പ്രധാന പ്രതി ലഹരി വിരുദ്ധ ക്യാമ്പയിനിൽ അടക്കം പങ്കെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | 'എ' പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | ലഹരി മാഫിയ രാഷ്ട്രീയ പാർട്ടികളെ മറയാക്കി നടത്തുന്നതായി പറയപ്പെടുന്ന പ്രവർത്തനം തടയാൻ കൈകൊണ്ട നടപടികൾ വിശദമാക്കാമോ? | (സി) | 'എ' പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ